


# തളിർത്തൊത്തുകൾ

OFFICE OF THE MALAYALAM ... COMMITTEE
ERNAKULAM.

177
177

ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# തളിർത്തൊത്തുകൾ

ഗ്രന്ഥകർത്താ

ചങ്ങമ്പുഴ കൃഷ്ണപിള്ള. എം. എ.

ഇടപ്പള്ളി.

പ്രസാധകൻ

എസ്. പത്മനാഭൻനായർ

എറണാകുളം

Digitized By Kerala Sahitya Akademi

First Edition in Dhanu, 1124.

1000 COPIES

*Copy-right Reserved.*

Price: Rupee One

Printed at the PRABHAT PRESS ERNAKULAM

Digitized By Kerala Sahitya Akademi

## ചങ്ങമ്പുഴ

# തളിർത്തൊത്തുകൾ

Digitized By Kerala Sahitya Akademi

| പദ്യങ്ങൾ | | രചിച്ചകാലം | |
|---|---|---|---|
| 1. | കാത്തിരിപ്പൂ ഞാൻ | 1111. | ഇടവം. |
| 2. | നീ മൗനം ഭജിച്ചാലോ!..... | 1112. | ചിങ്ങം. |
| 3. | വ്യഥ.... | 1108. | ധനു. |
| 4. | ആശീർവാദം.... | 1112. | മകരം. |
| 5. | മോചനം.... | 1110. | കന്നി. |
| 6. | കാത്തിരുന്നിട്ട്.... | 1108. | വൃശ്ചികം. |
| 7. | പടിവാതിൽക്കൽ.... | 1110 | കന്നി. |
| 8. | സാന്ത്വനമൂർത്തി | 1109. | മേടം. |
| 9. | മാഞ്ഞ മഴവില്ല്.... | 1109. | ചിങ്ങം. |
| 10. | എന്നോ! | 1108. | കന്നി. |
| 11. | കാദംബിനി | 1115. | മിഥുനം. |
| 12. | വിശ്വാസസംസ്കാരം | 1112. | വൃശ്ചികം. |
| 13. | ആനന്ദം | 1108. | കന്നി. |
| 14. | ഓമലിനോട്.... | 1108. | തുലാം. |

Digitized By Kerala Sahitya Akademi

True love in this differs
from gold or clay
That to divide is not
to take away.

—SHELLEY.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# കാത്തിരിപ്പൂ ഞാൻ

നീ വരുംവഴി പൂവിരിക്കുമെൻ
ജീവിതത്തിൻ വിശുദ്ധികൾ.

രാഗലോല ഞാൻ നേടിയ ദിവ്യ-
ഭാഗധേയമരീചികൾ,

സ്വർണ്ണചാമരം വീശിയാദരാൽ
വന്നെതിരേൽക്കുമങ്ങയെ.

വായ്ക്കുമുൽക്കണ്ഠയാൽ പ്പെരുമ്പറ-
യാർക്കുമെൻ നെഞ്ചിടിപ്പുകൾ.

പ്രേമപൂർവ്വം കഴുകുമശ്രുവാ-
ലാമലർച്ചേവടികൾ ഞാൻ!

രാജനന്ദന, നിൻസമാഗമ-
പൂജകൾക്കുള്ളതൊക്കെയും,

സജ്ജമാക്കിക്കഴിഞ്ഞു—തേരുരു-
ളൊച്ചയും കാത്തിരിപ്പൂ ഞാൻ!............

10—10—1111.

Digitized By Kerala Sahitya Akademi

# നീ മൗനം ഭജിച്ചാലോ!

വിസ്തൃതം കാലത്തിൻെറ
ഹൃദയം, കവേ, തെല്ലും
വിഹ്വലനാകായ്ക നീ-
യിന്നത്തെക്കൊടുങ്കാററിൽ.

നിൻനാമം ലോകാഹ്ലാദ-
ത്തൈമുല്ലത്തലപ്പിന്മേൽ
നിന്നുകൊള്ളട്ടേ മുഗ്‌ധ-
കോരകമായിത്തന്നെ.

അറിയേണ്ടതിൽ ത്തിങ്ങും
സൗരഭത്തിനെപ്പററി-
ക്കരിതേയ്ക്കുവാൻ മാത്രം
കഴിയും നിശീഥങ്ങൾ.



Digitized By Kerala Sahitya Akademi

നിൻനിഴൽച്ചിലന്തിനൂൽ-
ക്കെട്ടു നീങ്ങിയാലാദ്യം
നിർമ്മലനീഹാരാഭ-
മഴവിൽപ്പൊടി വീശി,

ഇതളോരോന്നായ് മെല്ലെ
വിടർത്തും—മൃദുമന്ദ-
സ്മിതധാരയിലതു
പൊതിയും പ്രപഞ്ചത്തെ.

അന്നതിൻ സൗരഭ്യത്തി-
ലലിയും നവലോക-
സ്പന്ദനം—ശതാബ്ദങ്ങൾ
മുരളും ചുററും ചുററി.

ആ വാടാമലർ ചൂണ്ടി-
ക്കാണിച്ചുചൊല്ലും, കാലം:-
"ആവസിച്ചു നീയെന്നി-
ലജ്ഞാതനായി, കവേ!

—മൂന്ന്—

Digitized By Kerala Sahitya Akademi

ഇന്നു നിൻ മൂടുപടം
        നീക്കി ഞാ, നിനി നിന്റെ
മന്ദഹാസത്തിൻ നേർക്കു
        കൂപ്പുകൈയുയർന്നോളൂ;........"

*        *

മീട്ടുക വീണ്ടും കവേ!,
        നിൻമണിവീണക്കമ്പി-
മീട്ടുക, നൈരാശ്യത്തിൽ
        നീ മൗനം ഭജിച്ചാലോ!.....

7—I—1122.



Digitized By Kerala Sahitya Akademi

# വ്യഥ

മധുകരാലാപമുഖരിതോജ്ജ്വല-
മധുമാസം മന്ദമണകയായ്;
കനകനീരദനിബിഡിത നീല-
ഗഗനമണ്ഡലം തെളികയായ്;
മൃദുലമാലേയപവനനിൽ മഞ്ജു-
മലരണിമണം വഴികയായ്;
കിളികളോരോരോ കളിവനികളിൽ
കളകളം കോരിച്ചൊരികയായ്.
അനഘമാമൊരു നവസുഷമയി-
ലവനിയെല്ലാമലികയായ്:—
എവിടെയും കാണ്മൂ മോഹിതമാമൊരു
പരമാനന്ദത്തിൻ നിഴലാട്ടം!
ഹതഹൃദയമേ, സതതം നീ മാത്രം
കദനഗർത്തത്തിലടിയുന്നോ?........

23—5—1108.

—അന്തു്—

Digitized By Kerala Sahitya Akademi

# ആശീർവാദം

വെണ്ണിലാവു വന്നു വെളുക്കുന്നോരാം
കണ്ണുചിമ്മുന്ന പൂവുപോൽ,

അപ്രതിമോന്മാദാർദ്രമാകും, മൊ–
ഴപ്പാറസ്സിൻെറ പാട്ടുപോൽ,

ആകർഷിക്കുന്നു ഞങ്ങളെപ്പേർത്തും
ഹാ, ഗുരോ, ഭവൽജ്ജീവിതം.

മോഹനാദർശവീണയിലതിൻ
സ്നേഹഗാനം തുളുമ്പവേ,

നിത്യവുമതിൽ മുങ്ങിയില്ലെത്ര
ക്ലേശരിഷ്ട മാനസ്സങ്ങൾ!

ശാന്തമാം ഭവൽ സ്വാന്തദീപ്തിതൻ
കാന്തമാന്ത്രിക ശക്തിയാൽ,

ഇന്നലെക്കണ്ട കക്കകൾപോലു–
മിന്നുമാണിക്യക്കല്ലുകൾ!—

നാളത്തെനാടിൻ നന്മയ്ക്കുതാങ്ങാം
നായക നക്ഷത്രങ്ങൾ!

—ആർ—

Digitized By Kerala Sahitya Akademi

താവകോൽകൃഷ്ട ശിക്ഷണത്തിന്റെ
ഭാവനാതീതപാടവം,

ആനയിച്ചിട്ടുണ്ടഭ്യുദയത്തി–
ലായിരം പിഞ്ചുജീവിതം.

ഇല്ലതൊന്നും മറക്കുവാനാവു -
കില്ല ഞങ്ങൾക്കൊരിക്കലും!

ഭാവശാന്തത പൂവണിയിച്ച
താവകോത്തമ സിദ്ധികൾ,

മിന്നിമിന്നിത്തെളിഞ്ഞിടും മേന്മേ–
ലെന്നും ഞങ്ങൾതന്നോർമ്മയിൽ.

കൃത്യബാദ്ധ്യതവിട്ടു, വിശ്രമ–
പുഷ്പശീതളച്ഛായയിൽ,

മേലിലങ്ങയെത്താലോലിക്കാവൂ
മേദുരഭാഗ്യ വീചികൾ!

ശാന്തിതന്നോമൽത്തങ്കത്താലങ്ങ–
ളേന്തിയേന്തിവന്നങ്ങനെ,

മംഗളങ്ങളണിനിരന്നിട–
ട്ടങ്ങ തൻ നടപ്പാതയിൽ!

നിത്യമങ്ങയെസ്സല്ക്കരിക്കട്ടെ
നിസ്തുലാത്മാനുഭൂതികൾ!........

18—7—1112.



Digitized By Kerala Sahitya Akademi

# മോചനം

എവിടേ, ദിവ്യോന്മാദ-
മെവിടേ, ചിദാനന്ദ-
മെവിടേ, സത്യസ്വര-
മെവിടേ?—കാണട്ടേഞാൻ!

ഇരുളാ,ണിരുളാണു
നാലുഭാഗത്തും, കാണാ-
നരുതാതാകുന്നല്ലോ,
കഷ്ടം, മൽപ്രേമാകാരം!

ഹൃദയം തുടിക്കുന്നു-
കൂരിരുട്ടാട്ടിപ്പായി-
ച്ചുദയം ചെയ്യുന്നല്ലോ
ശാന്തിദം തേജോബീജം!



Digitized By Kerala Sahitya Akademi

കാൽകഠം മേ വിറകൊാഠംവൂ–
കണ്ടിട്ടില്ലിന്നോളം ഞാൻ
കാലദേശാതീതമാ–
മീദൃശ പ്രഭാപൂരം.

ഇത്രനാഠം വ്യാമോഹമേ,
സത്യമാണെന്നോതി നീ
നിസ്തുപം കാട്ടിത്തന്ന–
തെ, ന്തതിൻനിഴലല്ലേ?

ഊ മഹാജ്ജീവന്മുക്തി
തിരുത്തിത്തന്നില്ലെങ്കിൽ
പ്രേമമേ, നീയും വെറം
മിത്ഥ്യയെന്നോർത്തേനേ ഞാൻ!....

17–2–1110



Digitized By Kerala Sahitya Akademi

# കാത്തിരുന്നിട്ട് —

കാനനച്ഛായയിൽ നിന്നെയും കാ, ത്തെൻറ
വേണുവുമായ് ഞാനിരുന്നിരുന്നു.

മാധുര്യസാരമേ, മാമകഹൃത്തിൽ നീ
രാധയായ് നിർവൃതി പെയ്തിരുന്നു.

സുന്ദരസങ്കല്പകാന്തിയിലാവനം
വൃന്ദാവനം തന്നെയായിരുന്നു.

ഹാ, നീ നുകരുവാനൊന്നല്ലൊരായിരം
ഗാനമെന്നാത്മാവിലൂറി നിന്നു.

ചുംബനധാരകളോരോ നിമേഷമെൻ
ചുണ്ടിൽത്തുളുമ്പിത്തരിച്ചിരുന്നു.

ന്തേസമ്മർദ്ദത്താൽ ഞാനവയെ സ്വയം
നൊന്തിടുവോളം ഞെരിച്ചിരുന്നു.



Digitized By Kerala Sahitya Akademi

അല്ലണിവേണിയിൽ ചൂടാൻ നിനക്കൊരു
മുല്ലപ്പൂമാല ഞാൻ തീർത്തിരുന്നു.

മുല്ലത്തണലിൽ നിനക്കു ഞാൻ നല്ലൊരു
പല്ലവതല്പം വിരിച്ചിരുന്നു.

നിൻമംഗളാഗമോന്മാദപ്രതീക്ഷയി–
ലെൻമനം കോരിത്തരിച്ചിരുന്നു.

എന്നരികത്തു നീയെത്തുമെന്നോർത്തു ഞാ–
നെന്നെയുംകൂടി മറന്നിരുന്നു—

ഏവ, മൊരോമൽപ്രതീക്ഷതൻ സ്വപ്നങ്ങൾ
താവീ, മധ്യാഹ്നം ദിനാന്തമായി.

മായികേ, നീവന്നണയുകില്ലിന്നിനി
മാമകാത്മാവിനു പാട്ടുപാടാൻ.

ഘോരമിരുളിലിപ്പാതയിലൂടിദ–
മൊററയ്ക്കിനി ഞാൻ മടങ്ങിടട്ടേ!

ഏകാന്തമീവനം—ചെല്ലക്കിടാങ്ങളേ....
പോകുവിൻ വേഗമെന്നാട്ടുകളേ!!.......

17–4–1108



Digitized By Kerala Sahitya Akademi

# പടിവാതിൽക്കൽ

മങ്ങിമറഞ്ഞു വിഷാദമൂകാഭ്രേ, ന്താ
മഞ്ജുപ്രകാശസ്മിതാർദ്രമാം വാസരം.

മാനസത്തിങ്കൽ നിരാശപോൽ, ഭൂമിയിൽ
വീണുകഴിഞ്ഞു തമസ്സിൻ യവനിക.

ശോകശൈത്യത്താലസുഖദമെങ്കിലു —
മേകാന്തശാന്തമായ് നില്പിതെൻ മൺകുടിൽ!

ഞാനെത്രനേരമായ് കാത്തിരിക്കുന്നിതെൻ
പ്രാണസർവ്വസ്വമേ, നിന്നാഗമത്തിനായ്!

•

അന്തികേവന്നു നീ യുജ്ജ്വലിപ്പിക്കുകൊ–
ന്നന്തിത്തിരിപോൽപ്പിടയുമെൻ പ്രാണനെ!!....

18–2–1110.

Digitized By Kerala Sahitya Akademi

# സാന്ത്വനമൂർത്തി

വിവിധസന്തപ്തസ്മരണകളാലെൻ
ഹൃദയം നൊന്തു ഞാൻ കരയുമ്പോഴും;

അരികിൽ, സാന്ത്വനമരുളുവാൻ ഞാനൊ–
രലിവിനെക്കാണാതുഴറുമ്പോഴും;

കൊടുനിരാശതൻ ചുടുചിതയി, ലെൻ
വ്രണിതമാം ജീവനെരിയുമ്പോഴും;

അമരചൈതന്യംവിതറി, യെന്നടു–
ത്തണവതാരുനീയമലാംഗി?

അമൃതവാഹിനി, പുളകദായിനി,
അറികയില്ല ഞാൻ ഭവതിയെ?

സ്മരണയിൽപ്പോലും നിഴലിപ്പീല നിൻ
മുഖപരിചയം ശകലവും!

* *
*



Digitized By Kerala Sahitya Akademi

മനുജസങ്കല്പ പരിധിക്കമേറെ–
യകലെയുള്ളേതോ വനികയിൽ,

അരിയകല്പകലതകളെപ്പുൽകി–
പ്പുളകമേകി നീയമരുമ്പോൾ,

കനകതാരകാലിപികളിൽ ദിവ്യ–
കവനങ്ങൾവാരി വിതറുന്നു.

കുതുകപൂർവ്വകം ഭവതിയെക്കാണ്മം
സുദിനം കാത്തുകാത്തവനിയിൽ,

പലനാൾപോക്കിനേൻ, പ്രഥമദർശന–
കുശലചിന്തയിൽ മുഴുകിഞാൻ.

ഭരിതമൗനമെൻ വിഫലനൈരാശ്യ–
മെരിപൊരിക്കൊണ്ടു കഴിയവെ;

ഇരുളിലേയ്ക്കുഞാൻ വഴുതിവീണെൻെറ
ഭുവനഭാഗ്യങ്ങൾ മറയവെ;

ഭവതിയെക്കാണ്മാനിനിയൊരിക്കലും
കഴികയില്ലെന്നു കരുതി ഞാൻ.

* *

*

—പതിന്നാല്—

Digitized By Kerala Sahitya Akademi

പ്രകടനാതീത സുഭഗമാകു, മെൻ
പ്രണയദീപത്തിൻ കിരണങ്ങൾ,

തവമുഖത്തൊരു മൃദുലരോമാഞ്ച-
മണിയിച്ചീടിൽ, ഞാൻ ചരിതാർത്ഥൻ.

അതിഥിസല്ക്കാരകുതുകി ഞാനൊരു
വിഭവവും കാണാതുഴലുന്നു.

ശിഥിലമായൊ, രെൻഹൃദയവേണുവി-
നരുള ഗാനങ്ങൾ ചൊരിയുവാൻ.

കപടലോകത്തിൻ നടുവിൽനിന്നിനി-
യെവിടെയോടേണ്ടു നിഹതൻ ഞാൻ?....

*   *
*

പരമാർത്ഥസ്നേഹം ഭുവനത്തിലൊരു
കണികയെങ്കിലും ലഭിയാതെ,

വരളുമീജ്ജീവനിനിയുമെത്രനാ-
ളിതുവിധം തേങ്ങിപ്പിടയണം?

ഇവിടെയൊക്കെയുമിരുളുമാത്രമാ-
ണമലകാന്തി പിന്നെവിടെയോ!

—പതിനഞ്ചു്—

Digitized By Kerala Sahitya Akademi

മനുജസഞ്ചയ പദതലാങ്കിത–
മലിനമീ മണ്ണിലിതുവിധം,

ഒരുഞൊടിപോലു മിനിയമരുവാ–
നരുതരുതെനിക്കവശൻ ഞാൻ!........

* *
*

കവനമോഹിനി, ഹതനിവനൊ നീ
കലിത കൗതുകം തഴുകുന്നോ!

ഒഴിയുകില്ലിനിയൊരുനാളും, നീയെൻ
കരളിനേകുമിപ്പുളകങ്ങൾ!

മുകരുകെന്നെനീ, മുകരു, കെന്നഴ–
ലഖിലവും പറന്നകലട്ടെ!!

6–9–1109.



Digitized By Kerala Sahitya Akademi

# മാഞ്ഞ മഴവില്ല്.

നീവന്നിതെൻ മന, മയ്യോ, നീ മായുന്നോ
നീല വാനിൻ കുളിർ പ്പൊൻ കിനാവേ?

തെല്ലിടകൂടിയെൻ മുന്നിലേവം ചിരി-
ച്ചുല്ലസിച്ചാൽനിനക്കെന്തു ചേതം?

കോൾമയിർക്കൊള്ളിച്ചു കൊണ്ടാത്തകൗതുകം
വാർമഴവില്ലേ, നീ വാനിലെത്തി.

ശങ്കിച്ചീലല്പവുമപ്പൊഴുതേവം നീ
സങ്കടം പിന്നെക്കൊളുത്തുമെന്നായ്!

നിന്നിൽ നിന്നൂറി വഴിയുമാ നിസ്തുല
നിർമ്മല മഞ്ജിമയിങ്കൽ മുങ്ങാൻ

താനേ വിടർന്നിതെൻകണ്ണു, പ്പൊഴേക്കുമെ-
ന്താനന്ദമേ, നീ പറന്നൊളിച്ചോ?



Digitized By Kerala Sahitya Akademi

അല്ലനിമേഷങ്ങൾ നീയെൻെറ മുന്നിൽനി-
ന്നപ്സരസ്സെന്നപോൽ നൃത്തമാടി.

കോടക്കാർമൂടിയവാനിങ്കൽ നീയൊരു
കോമളസ്വപ്നമായുല്ലസിക്കെ;

ഉദ്ദസം വീർപ്പിട്ടു കല്ലോലമാലകൾ
നൃത്തമാരംഭിച്ചു വല്ലരികൾ.

ഉൾക്കാമ്പിലുല്ലാസമൂറിയൂറിക്കൊച്ചു-
പുൽക്കൊടിപോലും ശിരസ്സുപൊക്കി!

* *
*

ഞാനും വെറുമൊരു പുല്ക്കൊടി—ഹാ, നിന്നെ—
ക്കാണുവാൻ ഞാനും ശിരസ്സുയർത്തി.

മന്ദഹാസത്തിലമൃതം പകർന്നു നീ
മദിതപ്രജ്ഞയെത്തൊട്ടുണർത്തി

എന്തു ഞാനേകാനുപഹാരമായ് നിന-
ക്കെൻ തപ്തബാഷ്പകണങ്ങളെന്യേ?

പോയി നീ മായയായ് മാഞ്ഞുമാ, ഞെങ്കിലും
മായില്ലൊരിക്കലുമെന്മനസ്സിൽ!!........

17-1-1109.



Digitized By Kerala Sahitya Akademi

# എന്നോ!

ക്ഷണികമീലോകംകപട, മിങ്ങെങ്ങും
കണികാണാനില്ല പരമാർത്ഥം.

ഇവിടെയെന്തിനാണമലസന്ധ്യക-
ളിവിടെയെന്തിനിപ്പുലരികൾ?

മറിമായം തിങ്ങി നിറയുമീ മന്നിൽ
വെറുമിരുൾമാത്രം മതിയല്ലോ!

അളികൾ മൂളുന്നു. കിളികൾ പാടുന്നു
ലതികകളാടിത്തളരുന്നു.

കുളിരണിത്തെന്നലിളകവേ, നവ-
കുസുമസൗരഭം വഴിയുന്നു.

ഇവയൊന്നും കാണാൻ മിഴിയില്ലിങ്ങാർക്കു-
മിവയൊന്നും കേൾക്കാൻ ചെവിയില്ല.

—പത്തൊൻപത്—

Digitized By Kerala Sahitya Akademi

കനകനാണ്യങ്ങൾ, കനകനാണ്യങ്ങൾ
കഴിവൂലോകമിബ്ഭജനത്തിൽ!

ഇനിയെന്നു, കഷ്ട, മിവിടെ നിന്നു മീ
മരുമരീചിക മറയുന്നോ!—

പരമപാവനപ്രണയത്തിൻ ദിവ്യ-
കിരണമെന്നിനിപ്പൊഴിയുന്നോ!—

മഹിതശാന്തിയിലൊരുമിച്ചേവരും
മഹിയിലെന്നിനിപ്പുലരുന്നോ!

സമരഭ്രരിതം നവമേകലോക-
സഹജതമെന്നു വിടരുന്നോ!!.

9–2–1108.

—ഇരുപത്—

Digitized By Kerala Sahitya Akademi

# കാദംബിനി

ചിത്തസങ്കല്പങ്ങളാം വിഭ്രമിപ്പിച്ചുകൊ-
ണ്ടിത്രയും കാലം നീ യെങ്ങിരുന്നു?

ധ്യാനനിരതനായേകാന്തതയുടെ
മാണിക്യമഞ്ചത്തിൽ വിശ്രമിക്കെ,

കുന്നിൻപുറങ്ങളിൽ ദൂരത്തണിയിട്ടു-
നിന്നുകുണുങ്ങുമത്തൈത്തെമരങ്ങളാം,

ഉമ്മവെച്ചുമ്മവെച്ചുല്ലസിപ്പിച്ചൊരാ-
ച്ചെമ്മുകിൽച്ചാർത്തിനിടയിലായി,

ത്തൂമുല്ലമൊട്ടുപോൽ മിന്നിവിടർന്നത-
ന്നോമനേ, നീ തന്നെയായിരുന്നോ?

ജ്ഞാനാഭിമാനം നടിപ്പവനാകിലും
ഞാനറിഞ്ഞീലതന്നസ്സാരസ്യം!



Digitized By Kerala Sahitya Akademi

അൻപിലന്നെൻപേർ വിളിച്ചുകൊണ്ടോടിയെ-
ന്നന്തികത്തെന്തുനീ വന്നിടാഞ്ഞൂ?

* *
*

സ്വപ്നശതങ്ങൾ നിറം പിടിപ്പിച്ചുകൊ-
ണ്ടിത്രനാൾ നീയെങ്ങൊളിച്ചിരുന്നു?

മഞ്ഞിലലിഞ്ഞല ചിന്നി യുലാവിയ
മഞ്ജുള ഹേമന്ത ചന്ദ്രികയിൽ,

നിന്നെയും ധ്യാനിച്ചെൻ മന്ദിരവാടിയിൽ
നിർന്നിമേഷാക്ഷനായ് ഞാനിരിക്കെ,

മുന്നിലാ വല്ലികൾ നൽത്തളിർക്കൈകളാൽ
പിന്നോട്ടു തള്ളി വിലക്കിയിട്ടും,

ആടികുഴഞ്ഞണഞ്ഞാലിംഗനങ്ങളിൽ
മൂടിയതന്നെ നീയായിരുന്നോ?

ശങ്കിച്ചുപോലുമില്ലിന്നോളം ഞാന, തെൻ
സങ്കല്പവല്ലിതൻ ചൈത്രഭാസ്സേ!

അന്നെന്തുകൊണ്ടു നിൻ മൂടുപടംമാററി
വന്നില്ലനീയടുത്തോമലാളേ?

* *
*



Digitized By Kerala Sahitya Akademi

ഏറെനാ,ളേറെനാളെന്നെത്തനിച്ചുവി-
ട്ടാരാൽ, സ്വയം നീയൊളിച്ചുനിന്നു.

ഇന്നെൻ കരവലയങ്ങൾക്കകത്തു നീ
വന്നുചേർന്നപ്പൊഴേ, യെന്തുചെയ്യാം,

നിർവിശങ്കം, ഹാ, വിദൂരത്തിലേയ്ക്കെന്നെ
ദുർവ്വിധി വാരിയെടുത്തെറിഞ്ഞു.

ഇല്ലടുത്തില്ലടുത്തിങ്ങെനിക്കാരുമെ-
ന്നല്ലലിലല്പവും പങ്കുകൊള്ളാൻ.

അത്തലാർന്നിങ്ങിരുന്നേകാന്തതയിൽ നിൻ
ചിത്രം വരയ്ക്കയാണെൻെറ ചിത്തം!

ഓരോരോചിന്തയും ചാലിച്ച ചായങ്ങ-
ളോരോ നിറപ്പകിട്ടേകിയേകി,

ആ പ്രതിമോജ്ജ്വല തേജസ്സിലാറാടി-
നിൽപൂ നീ മുന്നിൽവന്നാത്തമോദം!

ആഹ്ലാദബാഷ്പം പൊടിഞ്ഞൊരെൻ കൺകളാ-
ലാലിംഗനം ചെയ്വൂ നിന്നെഞാനും!

* *
*



Digitized By Kerala Sahitya Akademi

ആ ദുഗ്ദ്ധദിവ്യരാഗാമൃതധാരയി–
ലാറാടി നിൽപ്പതെന്താത്മഹർഷം!

നിൻമുഖത്തല്ലലിൻ പാഴ്നിഴൽ വീശാതെ
നിൻമനസ്സല്പവും നൊന്തിടാതെ,

എന്നുമിമ്മട്ടിൽ നീ യുല്ലസിച്ചീടട്ടെ!–
മന്നിൽമററില്ലെനിക്കാശയൊന്നും.

മാമകജീവിതശ്രീയായ് നിന്നീവിധ–
മീമന്നിൽ ദേവി, നീ വെല്ലുനീണാൾ!

എത്രസ്വച്ഛമനാണെങ്കിലും, നിന്നോടെൻ
ചിത്തം പ്രണയാർദ്രമായിരിക്കും!

നിർവ്വിഘ്നം നിന്നിൽ നിരന്തരംചേരാവൂ
സർവ്വസൗഭാഗ്യവും, സൗമ്യശീലേ!!........

28-11-1115.



Digitized By Kerala Sahitya Akademi

# വിശ്വസംസ്കാരം

പരിവർത്തനങ്ങൾക്കുമപ്പുറത്തായ്
പരിലസിച്ചീടും പ്രകാശകേന്ദ്രം,

അറിവിൻെറ ദാഹത്തിനൊന്നുമെന്നു-
മമൃതം ചൊരിഞ്ഞുതെളിഞ്ഞു നില്പൂ,

നിജനിത്യസമ്പത്തിൻ നിസ്തുലമാം
രജതരമണീയരശ്മിപൂരം,

മറവിക്കും മായ്ക്കാൻകഴിഞ്ഞിടാതെ
മഹിമകൊളുത്തുന്നു മർത്ത്യഹൃത്തിൽ!

* *
*

എരിയുന്നജീവിതം വാടിവീഴാ-
തൊരു നവസാന്ത്വനച്ഛായയിങ്കൽ,

—ഇരുപത്തിയഞ്ചു്—

Digitized By Kerala Sahitya Akademi

സദയം കിടത്തിയുറക്കുകയാ-
ണനുനിത്യം ഭാവനപ്പൂവിരിപ്പിൽ!

വളരാൻതുടങ്ങുന്ന മാനസങ്ങളാം
വഴിയുമാദർശത്തിൽ മുക്കിമുക്കി,

മഹിയിലെന്നെന്നും ജയിക്ക മേന്മേൽ
മഹനീയ വിശ്വാസസംസ്കാരമേ, നീ!

19-4-1112.

—ശുഭപര്യവസാനം—

Digitized By Kerala Sahitya Akademi

## ആനന്ദം

ആനന്ദ, മാനന്ദം!—ഞാനുമതും തമ്മിൽ—
ക്കാണിയും ക്ഷോണിയിലില്ലബന്ധം.

അഞ്ചാറുമൺകട്ട കൂട്ടിക്കുഴച്ചെന്നെ—
യൻപിൽ നിർമ്മിച്ചൊരജ്ഞാതശില്പി,

താരകങ്ങൾക്കു കൊടുത്തവെളിച്ചമോ
താരുകൾക്കേകിയ സൗരഭമോ,

വാനിന്റെ മാറിലെ വാർമഴവില്ലിന്റെ
വാരുററവർണ്ണ വിലാസഭാഗ്യമോ,

മിന്നൽക്കൊടികൾതൻ സന്ന സൗന്ദര്യമോ,
മഞ്ഞുനീർത്തുള്ളിതൻ മഞ്ജിമയോ,

എന്തുകൊ, ണ്ടെന്തുകൊണ്ടേകിയി?—ല്ലെങ്കിലി—
ന്നെന്തിലും മീതെ ഞാൻ മിന്നിയേനേ!....

* *
*



Digitized By Kerala Sahitya Akademi

ആനന്ദ, മാനന്ദം! —വിൺമലർക്കാവിലെ-
സ്സൂനങ്ങളേന്തിടും തൂമരന്ദം!

ആയതിൽനിന്നൊരു കൊച്ചു കണികയീ
മായാന്ധമർത്ത്യന്റെ മാനസത്തിൽ,

വീണപ്പോഴേക്കും, ഹാ, കൺമുന്നിലൊക്കയും
കാണുന്നതുജ്ജ്വലം, കാഞ്ചനാഭം.

എന്നിട്ടുമായതിൻ കാന്തിപ്പകിട്ടല്പം
പൊന്നൊളി പൂശിയില്ലെന്നിൽ മാത്രം.

അർക്കോദയം മുതൽക്കന്തിയാവോളവും
മൽക്കരം വായുവിൽക്കോട്ടകെട്ടി.

നെഞ്ചിലെച്ചെഞ്ചുടുച്ചോരയാൽനാനാതി-
ലഞ്ചിതചിത്രങ്ങളാരചിച്ചേൻ,

എന്നിട്ടുമല്ലിലെനിക്കു ലഭിച്ചതീ-
ക്കണ്ണീർക്കണങ്ങളും വീർപ്പുകളും!

* *
*



Digitized By Kerala Sahitya Akademi

ആനന്ദ, മാനന്ദം!—മൂന്നക്ഷരമതെൻ
മാനസഗ്രന്ഥത്തിൽ മാഞ്ഞുപോയി.

ഇത്രനാളദ്ധ്യായമോരന്നതിൽപ്പാറി–
ച്ചിത്രവേഗത്തിൽ ഞാനാളുമാറി!

കാൺമതില്ലിന്നുമാക്കല്ലുപാഠം മാത്രം
കാലച്ചിതൽ തിന്നതായിരിക്കാം.

കാരിരുമ്പല്ലെൻകരൾക്കാമ്പു, പിന്നതീ–
ക്കാളുന്നചെന്തീയിൽ നീറിയാലോ!....

* *
*

ആനന്ദ, മാനന്ദം!—അല്ലെങ്കി, ലാരിന്ന–
ഗ്ഗാനസുധാമൃത മാസ്വദിപ്പൂ?

പൂങ്കാവനക്കുയിൽ നിത്യംപുലരിയിൽ
തേൻകുളിർക്കാകളി പെയ്തിടുമ്പോൾ,

ചെണ്ടണിത്തേൻകുടിച്ചത്യന്തമത്തരായ്
വണ്ടിണ്ട നീളെ മുരണ്ടിടുമ്പോൾ,

മൂറാത്ത മുല്ലകൾ മൊട്ടിട്ടുചുറ്റിലും
മൂറും സുഗന്ധം തളിച്ചിടുമ്പോൾ,

—ഇരുപത്തിയൊൻപതു്—

Digitized By Kerala Sahitya Akademi

നാണത്തിൻ മൂടുപടമണിഞ്ഞെത്തിത്തൻ
നായിക പുഞ്ചിരി തൂകിടുമ്പോൾ,

മുന്തിരിച്ചാറിൻ ലഹരിയിൽമെള്ളിച്ച
ചിന്തകൾ മത്തടിച്ചാർത്തിടുമ്പോൾ,

ആനന്ദ, മാനന്ദം!—മാനവമാനസം
വാനോളം വാഴ്ത്തുന്നു ജീവിതമോദം!

എങ്കിലും വേഗം മടുത്തുപോംസർവ്വവും
സങ്കടം മാത്രമേ തങ്ങിനിൽക്കൂ.

സങ്കല്പമാത്രമാണാനന്ദം!—ചിത്തത്തിൽ
തങ്ങുവതയ്യോ, വിഷാദംമാത്രം!!........

14-2-1108.



Digitized By Kerala Sahitya Akademi

# ഓമലിനോട്

അന്യൂനരാഗത്താൽ നമ്മളേവ–
മൊന്നിച്ചു ചേർന്നിരുന്നില്ലയെങ്കിൽ,

ജീവസർവ്വസ്വമേ, നിന്റെ മുമ്പിൽ
കേവലം ഞാനുമൊരന്യനല്ലേ?

എന്നാലിന്നേവം നീ കൺമുനയാ–
ലെന്നെത്തഴുകീട്ടുമായിരുന്നോ?

മന്ദസ്മിതങ്ങളാലെൻമനസ്സിൽ
മിന്നലിളക്കീട്ടു മായിരുന്നോ?

കഷ്ടം, മീ മംഗളരംഗമെങ്കി–
ലെത്രവിരസമായ് മാറിയേനേ!

കണ്ടുമുട്ടീടും നാം വല്ലനാളും
മിണ്ടാതെ തമ്മിൽപ്പിരിഞ്ഞകലും.

— മുപ്പത്തിയൊന്ന് —

Digitized By Kerala Sahitya Akademi

നമ്മുടെയാത്മരഹസ്യമെല്ലാം
നമ്മളിൽത്തന്നെ ലയിച്ചുവിട്ടും

അങ്ങനെ നമ്മുടെ ജീവിതങ്ങ–
ളങ്ങിങ്ങിരുന്നു ചിതൽപിടിക്കും.

അന്യോന്യസ്നേഹത്താൽ നമ്മളേവ–
മൊന്നായിച്ചേർന്നതുകൊണ്ടു, നോക്കൂ,

ഇന്നവ പൊന്നൊളി വാരിവീശി
മിന്നിമിന്നിത്തെളിഞ്ഞുല്ലസിപ്പൂ!

മങ്ങാതെ നിത്യമസ്സൽപ്രകാശം
പൊങ്ങിപ്പരക്കട്ടെ വാനിലോളം!!........

9-3-1108.



Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴയുടെ കൃതികൾ.

| | | |
|---|---|---|
| 1) | രമണൻ | 1—8—0 |
| 2) | ബാഷ്പാഞ്ജലി | 1—8—0 |
| 3) | രക്തപുഷ്പങ്ങൾ | 1—4—0 |
| 4) | സങ്കല്പകാന്തി | 1—4—0 |
| 5) | ഹേമന്തചന്ദ്രിക | 1—8—0 |
| 6) | യവനിക | 1—8—0 |
| 7) | സ്പന്ദിക്കുന്ന അസ്ഥിമാടം | 2—0—0 |
| 8) | ഓണപ്പൂക്കൾ | 1—0—0 |
| 9) | ദേവഗീത | 2—0—0 |
| 10) | ദിവ്യഗീതം | 1—8—0 |
| 11) | കളിത്തോഴി | 2—8—0 |
| 12) | പ്രതികാരദുർഗ്ഗ | 2—0—0 |
| 13) | പെല്ലീസും മെലിസാന്ദയും | 1—8—0 |
| 14) | മാനസാന്തരം | 1—8—0 |
| 15) | ആരാധകൻ | 0—8—0 |
| 16) | മോഹിനി | 0—8—0 |
| 17) | തിലോത്തമ | 0—8—0 |
| 18) | വത്സല | 0—8—0 |
| 19) | ദേവത | 0—8—0 |
| 20) | ദേവയാനി | 0—8—0 |

Digitized By Kerala Sahitya Akademi

| | | |
|---|---|---|
| 21) | നിർവൃതി | 0—8—0 |
| 22) | ആകാശഗംഗ | 0—8—0 |
| 23) | സാഹിത്യ ചിന്തകൾ | 1—0—0 |
| 24) | ഹനേലെ | 1—8—0 |
| 25) | സ്വരരാഗസുധ | 1—8—0 |
| 26) | കലാകേളി | 0—12—0 |
| 27) | ചൂഡാമണി | 1—0—0 |
| 28) | ശ്രീതിലകം | 1—0—0 |
| 29) | മദിരോത്സവം | 2—0—0 |
| 30) | കരടി | 0—8—0 |
| 31) | വിവാഹാലോചന | 0—8—0 |
| 32) | അനശ്വരഗാനം | 0—8—0 |
| 33) | മൗനഗാനം. | |
| 34) | കല്ലോലമാല | |
| 35) | പാടുന്ന പിശാച് | |
| 36) | മഗ്ദലമോഹിനി. | |
| 37) | തളിർത്തൊത്തുകൾ | പ്രഭാത് പ്രസ്സ്, |
| 38) | നീറുന്ന തീച്ചൂള | എറണാകുളം |

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi